**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1824** **08-10-2021 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി പുഷ്പൻ ഇൻഡോർ കോർട്ടിന്റെ വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി നിയോജക മണ്ഡലത്തിലെ പുഷ്പൻ ഇൻഡോർ കോർട്ടിന്റെ വിപുലീകരണവുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ പൂർത്തീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (എ) | തലശ്ശേരി നിയോജക മണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ പുഷ്പന്റെ പേരിൽ ഇൻഡോർ കോർട്ട് സ്ഥാപിക്കുന്നതിനായുള്ള തുക അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചൊക്ലി ഗ്രാമപഞ്ചായത്ത് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ പ്രസ്തുത സ്ഥലം കായിക യുവജന കാര്യാലയത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗം സന്ദർശിച്ചിരുന്നു. തുടർന്ന് പഞ്ചായത്ത് നിർദ്ദേശിച്ച സ്ഥലത്ത് രണ്ട് ഷട്ടിൽ കോർട്ടുകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നു. ഇൻഡോർ കോർട്ട് സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ സ്ഥലം വാങ്ങുന്നതിലേക്കുള്ള നടപടി പഞ്ചായത്ത് പൂർത്തീകരിച്ച് വരുന്നു പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, റവന്യൂ രേഖ, സ്കെച്ച് എന്നിവ പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവൃത്തിയുടെ വിശദമായ ഡി.പി.ആർ തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ